**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4002** **06-08-2021 - ൽ മറുപടിയ്ക്ക്**

**സാംസ്കാരിക രംഗത്ത് ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | **Shri Saji Cherian** (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സാംസ്കാരിക രംഗത്തെ വ്യക്തികളെ ഒരു കുടക്കീഴിൽ അണിനിരത്തുന്നതിനും അവർക്ക് സ്ഥിരമായ വരുമാന സ്രോതസ്സ് ഉറപ്പുവരുത്തുന്നതിനുമായി ഡിജിറ്റൽ പ്ലാറ്റ്ഫോമുകളെ ഉപയോഗപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | കലാകാരന്മാർക്ക് അവരുടെ കലാസൃഷ്ടികൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ അവതരിപ്പിക്കുന്നതിന് ബന്ധപ്പെട്ട അക്കാദമികൾ അവസരമൊരുക്കുന്നുണ്ട്. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ നേതൃത്വത്തിൽ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ ഒരു നവമാധ്യമ കലാസംഗമം ‘മഴമിഴി’ എന്ന പേരിൽ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാംസ്കാരിക വകുപ്പിനും സ്ഥാപനങ്ങൾക്കുമായി പൊതുവായ ഒരു ഡിജിറ്റൽ പ്ലാറ്റ് ഫോം രൂപീകരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ